**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1516** **03-02-2026 - ൽ മറുപടിയ്ക്ക്**

**അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അതിഥി തൊഴിലാളികളുടെ സാന്നിധ്യം ഗണ്യമായി വർദ്ധിച്ചതായി വിലയിരുത്തിയിട്ടുണ്ടോ; നിലവിൽ സംസ്ഥാനത്ത് ജോലി ചെയ്യുന്ന പ്രസ്തുത തൊഴിലാളികളുടെ ഏകദേശ എണ്ണം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്കുകൾ നൽകുമോ; | (എ) | സംസ്ഥാനത്ത് അതിഥി തൊഴിലാളികളുടെ സാന്നിധ്യം ഗണ്യമായി വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തൊഴിൽ വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികൾ പ്രകാരം ടി തൊഴിലാളികളുടെ രജിസ്ട്രേഷൻ അതിഥി തൊഴിലാളികളുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടു കൊണ്ട് അതിഥി തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും രജിസ്ട്രേഷൻ പ്രാവർത്തികമാക്കുന്നതിനുമായി തൊഴിൽവകുപ്പ് അതിഥി പോർട്ടൽ/അതിഥി ആപ്പ് പ്രാവർത്തികമാക്കിയിട്ടുണ്ട്. ആയതിലൂടെ സംസ്ഥാനത്തേയ്ക്ക് കുടിയേറുന്നതിനു മുന്നേ തന്നെ ടി തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും സഹായിക്കുന്നു. തൊഴിൽവകുപ്പ് അതിഥി പോർട്ടൽ/ അതിഥി ആപ്പ് മുഖേന 4,39,013 തൊഴിലാളികൾ രജിസ്റ്റർ ചെയ്യുകയും സംസ്ഥാന വ്യാപകമായി രജിസ്ട്രേഷൻ നടപടികൾ നടന്നു വരുകയും ചെയ്യുന്നു. ടി തൊഴിലാളികളുടെ രജിസ്ട്രേഷനും വിവര ശേഖരണവും ലക്ഷ്യമിട്ട് യൂണിഫൈഡ് പോർട്ടൽ രൂപീകരിക്കുന്നതിനുള്ള നടപടികളും നടന്നു വരുന്നു. അതിഥി തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| **ജില്ല** | **തൊഴിലാളികളുടെ എണ്ണം** |
|---|---|
| തിരുവനന്തപുരം | 33974 |
| കൊല്ലം | 29441 |
| പത്തനംത്തിട്ട | 16934 |
| ആലപ്പുഴ | 26048 |
| കോട്ടയം | 36444 |
| ഇടുക്കി | 29207 |
| എറണാകുളം | 73538 |

| | | | |
|---|---|---|---|
| | | | <table><tr><td>തൃശ്ശൂർ</td><td>35800</td></tr><tr><td>പാലക്കാട്</td><td>35852</td></tr><tr><td>മലപ്പുറം</td><td>28460</td></tr><tr><td>കോഴിക്കോട്</td><td>27238</td></tr><tr><td>വയനാട്</td><td>17335</td></tr><tr><td>കണ്ണൂർ</td><td>32594</td></tr><tr><td>കാസറഗോഡ്</td><td>16148</td></tr><tr><td>ആകെ</td><td>439013</td></tr></table> |
| (ബി) | അതിഥി തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഇവരിൽ എത്ര പേർ സർക്കാരിന്റെ രജിസ്ട്രേഷൻ സംവിധാനത്തിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | അതിഥി തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും രജിസ്ട്രേഷൻ പ്രാവർത്തികമാക്കുന്നതിനുമായി തൊഴിൽവകുപ്പ് അതിഥി പോർട്ടൽ/അതിഥി ആപ്പ് പ്രാവർത്തികമാക്കിയിട്ടുണ്ട്. ആയതിലൂടെ സംസ്ഥാനിലേയ്ക്ക് കുടിയേറുന്നതിനു മുന്നേ തന്നെ ടി തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും സഹായിക്കുന്നു. തൊഴിൽവകുപ്പ് അതിഥി പോർട്ടൽ/അതിഥി ആപ്പ് മുഖേന 4,39,013 തൊഴിലാളികൾ രജിസ്റ്റർ ചെയ്യുകയും സംസ്ഥാന വ്യാപകമായി രജിസ്ട്രേഷൻ നടപടികൾ നടന്നു വരുകയും ചെയ്യുന്നു. ടി തൊഴിലാളികളുടെ രജിസ്ട്രേഷനും വിവര ശേഖരണവും ലക്ഷ്യമിട്ട് യൂണിഫൈഡ് പോർട്ടൽ രൂപീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (സി) | രജിസ്റ്റർ ചെയ്യാത്ത അതിഥി തൊഴിലാളികൾ സംസ്ഥാനത്ത് ജോലി ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ടോ; രജിസ്ട്രേഷൻ നിർബന്ധമാക്കുന്നതിന് നിലവിലുള്ള സർക്കാർ ഉത്തരവുകൾ ഏതൊക്കെയാണ്; ആയതിന്റെ പകർപ്പുകൾ നൽകുമോ; | (സി) | കേരളത്തിൽ രജിസ്റ്റർ ചെയ്യാത്ത അതിഥി തൊഴിലാളികൾ ജോലി ചെയ്യുന്നതായി പരിശോധനാവേളകളിൽ കണ്ടെത്താറുണ്ട്. കേരളത്തിലേക്ക് തൊഴിലിനായി വരുന്ന എല്ലാ ഇതര സംസ്ഥാന തൊഴിലാളികളും കോൺട്രാക്ടർമാർ മുഖേന വരുന്നവരല്ല. സംസ്ഥാനത്തെ ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം അതിഥി തൊഴിലാളി ക്യാമ്പുകൾ, കെട്ടിട നിർമ്മാണ സൈറ്റുകൾ എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തുമ്പോൾ ടി തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് പരിശോധന നടത്താറുണ്ട്. ഇങ്ങനെ കണ്ടെത്തുന്ന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ ഏജന്റുമാർ, കോൺട്രാക്ടർമാർ എന്നിവർ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തുകയും ചെയ്യുന്നു. ഇത്തരത്തിൽ രജിസ്ട്രേഷൻ/ലൈസൻസ് എടുത്തിട്ടില്ലാത്ത കരാറുകാർക്കെതിരെ നോട്ടീസ് നൽകുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്ത് വരുന്നു. |

| | | | |
|---|---|---|---|
| | | | അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ നിർബന്ധമാക്കുന്നതിനായി നിലവിൽ സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. |
| (ഡി) | സംസ്ഥാനത്ത് അതിഥി തൊഴിലാളികൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങളും മയക്കുമരുന്ന് ഉപയോഗവും വിൽപ്പനയും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രസ്തുത തൊഴിലാളികൾ നിയമപരമായി ജോലി ചെയ്യുന്നവരാണെന്നും രജിസ്റ്റർ ചെയ്തുവെന്നും ഉറപ്പ് വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | (ഡി) | സംസ്ഥാനത്ത് അതിഥി തൊഴിലാളികൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങളും മയക്കുമരുന്ന് ഉപയോഗവും വിൽപ്പനയും വർധിച്ചുവരുന്ന സാഹചര്യത്തിൽ, പ്രസ്തുത തൊഴിലാളികൾ നിയമപരമായി ജോലി ചെയ്യുന്നവരാണെന്നും രജിസ്റ്റർ ചെയ്തവരാണെന്നും ഉറപ്പുവരുത്തുന്നതിനായി സർക്കാർ വിവിധ നിയമപരവും ഭരണപരവുമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിഥി തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനായി തൊഴിൽ വകുപ്പിന്റെ കീഴിൽ Athidhi Portal ആരംഭിച്ചിട്ടുള്ളതും തൊഴിലുടമകൾ, കോൺട്രാക്ടറുമാർ, തൊഴിലാളികളെ താമസിപ്പിക്കുന്ന കെട്ടിട ഉടമകൾ എന്നിവർ തൊഴിലാളികളുടെ വ്യക്തിഗത വിവരങ്ങൾ, തിരിച്ചറിയൽ രേഖകൾ ഉൾപ്പെടെ ഈ പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ Inter-State Migrant Workmen (Regulation of Employment and Conditions of Service) Act, 1979 പ്രകാരം കോൺട്രാക്ടർമാരുടെയും തൊഴിലുടമകളുടെയും രജിസ്ട്രേഷൻ കർശനമായി നടപ്പാക്കുകയും തൊഴിൽ വകുപ്പ് നിരന്തര പരിശോധനകൾ നടത്തുകയും ചെയ്യുന്നു. നിയമവിരുദ്ധമായി ജോലി ചെയ്യുന്നതാനോ രജിസ്റ്റർ ചെയ്യാത്തവരായോ കണ്ടെത്തുന്ന തൊഴിലാളികളുടെ കാര്യത്തിൽ ഉത്തരവാദികളായ തൊഴിലുടമകൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നു., പോലീസ്, എക്സൈസ്, തൊഴിൽ വകുപ്പ് എന്നിവ സംയുക്തമായി തൊഴിൽ കേന്ദ്രങ്ങളിലും താമസ ക്യാമ്പുകളിലും പരിശോധനകൾ നടത്തുകയും തിരിച്ചറിയൽ രേഖകളുടെ പരിശോധന, പോലീസ് വെരിഫിക്കേഷൻ, മയക്കുമരുന്ന് വിരുദ്ധ പ്രത്യേക ഡ്രൈവുകൾ എന്നിവ ശക്തമാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ